# വെബിനിവേശം

ലോകത്തിന്റെ നവമാധ്യമസ്പന്ദനങ്ങൾ ആഴ്ചതോറും

രാംമോഹൻ പാലിയത്ത്



"ഒരിക്കലും വൃദ്ധസദനത്തിൽക്കിടന്നു മരിക്കേണ്ട ഒരാളായിരുന്നില്ല ജോർജ്" കെ.ജി. ജോർജിന്റെ മരണത്തിൽ അനുശോചിച്ചുള്ള അനുസ്മരണക്കുറിപ്പിൽ വിശ്രുത ലോകപരിചയമുള്ള അടൂരിന്റെ പോലും കാഴ്ചപ്പാട് ഇതാണെന്നത് അദ്ഭുതപ്പെടുത്തുകയും ചിന്തിപ്പിക്കുകയും ചെയ്യു. ഒരു പാലിയേറ്റീവ് കെയർ ഡോക്ടർ എന്നനില

# ന്യൂജനം വിദേശത്തേക്ക്, ഓൾഡ് ജനം വൃദ്ധസദനത്തിലേക്ക്

സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ എഴുതിയ ഈ വാക്കുകൾ ഒരവസ്ഥാഭാവമുള്ള ചർച്ചയാണ് സോഷ്യൽ മീഡിയയിൽ ഉണ്ടാക്കിയത്. മുജീബ് റഹ്മാൻ എഴുതി:

> "കേരളത്തിലെ ധാരാളം വീടുകൾ അച്ഛനും അമ്മയും മാത്രം താമസിക്കുന്ന വൃദ്ധസദനങ്ങളാണ്. അവരിൽ ഒരാൾ പോയാൽ, കൂടെയുള്ളയാൾ തനിച്ചാവും. വൃദ്ധസദനത്തെക്കാൾ ഭീകരമായ ഒറ്റപ്പെടലും വേദനയുമാണ് വീടുകളുടെ ഏകാന്തതയിൽ അവർ അനുഭവിക്കുന്നത്. അവരെ ആ വീടുകളുടെ കാവൽക്കാരായി കെട്ടിയിടരുത്.



കെ.ജി. ജോർജ് അവസാന നാളുകളിൽ താമസിച്ചിരുന്നിടത്തുവെച്ച് മാതൃഭൂമി ഫോട്ടോഗ്രാഫർ ടി.കെ. പ്രദീപ് കുമാർ പകർത്തിയ ചിത്രം. കെ.ജി. ജോർജുമായി സി.പി. ബിജു നടത്തിയ അഭിമുഖത്തോടൊപ്പം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചത്.

യിൽ, കിടപ്പിലായ ധാരാളം മനുഷ്യരുടെ വീടുകളിലെ നിത്യസന്ദർശകൻ എന്നനിലയിൽ പറയട്ടെ, ഓൾഡ് ഏജ് ഹോം, ഹോസ്പിസ് എന്നിവയെല്ലാം നമുക്കെല്ലാവർക്കും ആവശ്യമുള്ള കാലത്താണ് ഇന്ന് മലയാളി ജീവിക്കുന്നത്. ഇപ്പോൾത്തന്നെ കേരളത്തിലെ ധാരാളം വീടുകൾ അച്ഛനും അമ്മയും മാത്രം താമസിക്കുന്ന വൃദ്ധസദനങ്ങളാണ്. അവരിൽ ഒരാൾ പോയാൽ, കൂടെയുള്ളയാൾ തനിച്ചാവും. വൃദ്ധസദനത്തെക്കാൾ ഭീകരമായ ഒറ്റപ്പെടലും വേദനയുമാണ് വീടുകളുടെ ഏകാന്തതയിൽ അവർ അനുഭവിക്കുന്നത്. അവരെ ആ വീടുകളുടെ കാവൽക്കാരായി കെട്ടിയിടരുത്. ആരെങ്കിലും അസുഖബാധിതരായാൽ മക്കൾ വന്നുനിന്നു നോക്കണമെന്ന് മാതാപിതാക്കൾപോലും ആഗ്രഹിക്കില്ല. അവർക്ക് അതിനു സാധിക്കില്ലെന്ന് മറ്റാരെക്കാളും അവർക്കറിയാം. നിരന്തരം വൈദ്യശുശ്രൂഷ വേണ്ടിവരുന്ന സാഹചര്യംകൂടിയാണെങ്കിൽ, അതുംകൂടി നല്ലനിലയിൽ ലഭ്യമാകുന്ന മനുഷ്യരുടെ സാമീപ്യത്തിലേക്ക് എത്തിച്ചേരുകയെന്നത് വൈകാതെ ഒരു കുറ്റകൃത്യമല്ലാതായിത്തീരും. തീരണം. ഇങ്ങനെ വൃദ്ധജനങ്ങൾക്ക് സേവനം നൽകുന്നവർ കെയർ ഗിവേഴ്സ് എന്നാണറിയപ്പെടുന്നത്. അണുകുടുംബങ്ങളാണ് ഭൂരിഭാഗവും. മക്കൾ ജോലിക്കുപോകാതെ അടുപ്പിൽ തീയെരിയി

ല്ല. മക്കൾ ജോലിക്കും പേരമക്കൾ സ്കൂളിലും പോയാൽ കിടപ്പിലായ ഈ പാവം വൃദ്ധമാതാപിതാക്കളെ നോക്കാനാരുണ്ട്? മാന്യമായ ശുശ്രൂഷ കിട്ടുന്ന ഇടങ്ങൾ, വയസ്സുകാലത്ത് മിണ്ടാനും പറയാനുമുള്ള സമപ്രായക്കാർ ഒക്കെയാണ് ആശ്വാസമാകുക. അത്തരം നല്ല ഇടങ്ങൾ വികസിതരാജ്യങ്ങളിലെ പ്രായമായവർക്ക് തുണയുമാണ്. അതൊരു കുറ്റമല്ല, ആശ്വാസമാണ് എന്ന മനഃസ്ഥിതി ഉണ്ടായേതീരൂ. അല്ലെങ്കിൽ സമൂഹത്തെ പേടിച്ച് നമ്മുടെ പ്രായമായവർ പലപ്പോഴും സ്വന്തം വീട്ടിൽ അതീവദുരിതത്തിൽ കഴിയുന്ന സാഹചര്യം വർധിക്കും. പ്രായമാകുന്ന നമ്മളും വാർധക്യകാലത്ത് അല്ലലും അലട്ടലും ഇല്ലാതെ ജീവിക്കുന്ന സാമൂഹികാന്തരീക്ഷം ഉണ്ടാകട്ടെ."

മുജീബ് റഹ്മാൻ എഴുതിയതു വായിച്ചപ്പോൾ 'ജപ്പാന് വയസ്സാവുന്നു, കേരളത്തിനും' എന്ന തലക്കെട്ടിൽ ഈ പംക്തിയിൽ കുറച്ചുനാൾ മുൻപെഴുതിയതും ഓർത്തു. കഴിഞ്ഞ മാർച്ച് മാസത്തിൽ ബി.ബി.സി.ഡോട്ട്കോമിൽ വന്ന 'കേരളം: ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യത്തെ പ്രേതനഗരം' (Kerala: A ghost town in the world's most populated country) എന്ന ലേഖനമായിരുന്നു ആ കുറിപ്പിനാധാരം. മൊത്തം ജനസംഖ്യയിൽ പ്രായംചെന്നവരുടെ എണ്ണം വിവിധ കാരണങ്ങളാൽ വർധിച്ചുവരുന്നതാണ് കേരളം നേരിടുന്ന വെല്ലുവിളികളിലൊന്ന്. അതിവികസിതരാജ്യമായ ജപ്പാനും ഈ വെല്ലുവിളി പങ്കിടുന്നുണ്ട്.

തൊഴിൽപ്രായക്കാർ മാത്രമല്ല, വിദ്യാഭ്യാസപ്രായക്കാരും വൻതോതിൽ നാടുവിടുന്ന അവസ്ഥയാണ് കേരളത്തിൽ ഇപ്പോഴുള്ളത്. കേരളമോഡലിന്റെ അടിസ്ഥാനങ്ങളിലൊന്നായ മികച്ച ആരോഗ്യരക്ഷാമേഖലയുടെ ബലത്തിൽ നമ്മുടെ ശരാശരി ആയുസ്സും (75) ഇപ്പോൾ (ദേശീയ ശരാശരി 69) ഉയർന്നുവരികയാണ്. സിക്സ്റ്റി അടിക്കുന്നവരുടെ എണ്ണം താരതമ്യേന കുറവായിരുന്നതുകൊണ്ടാണ് പണ്ടുകാലത്ത് ഷഷ്ടിപൂർത്തി ആഘോഷം പൊടിപൊടിച്ചിരുന്നതെന്നും അന്നെഴുതുകയുണ്ടായി. കേരളമോഡലിന് അഭിമാനിക്കാം, ഇപ്പോൾ നവതി ആഘോഷങ്ങളുടെ കാലമാണ്.

ഇതിന്റെ ഒരു പരിണതഫലംകൂടിയാണ് വൃദ്ധസദനങ്ങളുടെ പെരുപ്പം. അതിലിത്ര റൊമാന്റിക്കാവാൻ എന്തിരിക്കുന്നുവെന്നാണ് സോഷ്യൽ മീഡിയയിൽ ഉയർന്നുവരുന്ന ചോദ്യം. മനുഷ്യരെ അവരുടെ വാർധക്യകാലത്ത് പരിചരിക്കാൻ അവർക്കൊപ്പം അവരുടെ സ്വന്തം മക്കളുണ്ടാവുന്നത് ഒരുതരത്തിൽ നോക്കിയാൽ നല്ലകാര്യംതന്നെ. എന്നാൽ, മറ്റൊരുതരത്തിൽ നോക്കിയാൽ, അക്കാര്യത്തിൽ വിദഗ്ധപരിശീലനം ലഭിച്ചവരുടെ ശുശ്രൂഷയാകും കൂടുതൽ നല്ലതെന്നാണ് പല കുറിപ്പുകളും പറയുന്നത്. അതിനൊപ്പമാണ് സമപ്രായക്കാരുടെ ഇടയിൽ ജീവിച്ചാലുള്ള ആശ്വാസം.

ഇതെല്ലാം പക്ഷേ, മികച്ച വൃദ്ധസദനങ്ങൾ ധാരാളമായി ഉണ്ടായിവരുന്നതിനെ ആശ്രയിച്ചിരിക്കുന്നുവെന്ന് പറയാതെ വയ്യ. ഉദാഹരണത്തിന് കേരളത്തിലെ ഒരു മുനിസിപ്പൽ കോർപ്പറേഷൻ നടത്തുന്ന വൃദ്ധസദനത്തിലെ നിത്യസന്ദർശകനാണ് ഇതെഴുതുന്ന ആൾ (അസൂയയും അഹങ്കാരവുമെല്ലാം തോന്നുമ്പോൾ അനുഷ്ഠിക്കുന്ന പരിപാടിയാണ് ആ സന്ദർശനം. എന്ന് കരുതി, നമുക്ക് അസൂയയും അഹങ്കാരവുമുണ്ടാകുമ്പോൾ സന്ദർശിക്കാൻ പാകത്തിന് ഇങ്ങനെ കുറെ സ്ഥലങ്ങൾ എക്കാലത്തും എവിടെയെങ്കിലും ഉണ്ടാകണമെന്നൊന്നും ആഗ്രഹിക്കുന്നില്ലെന്നും പറഞ്ഞുകൊള്ളട്ടെ). അതീവദയനീയമാണ് അവിടത്തെ സ്ഥിതിഗതികൾ. വരുമ്പോൾ കുറച്ച് അരി, ഇന്നിന്ന മരുന്നുകൾ എന്നിവ വാങ്ങിക്കൊണ്ട് വന്നാൽ ഉപകാരമെന്നാണ് അവിടത്തെ ഒരു ജീവനക്കാരൻ പറയാനുള്ളത്. കേരളത്തിന്റെ തനത് സാഹചര്യങ്ങളായ ശരാശരി ഉയർന്ന പ്രായം, യുവജനങ്ങളുടെ അഭാവം എന്നിവ കണക്കിലെടുക്കുമ്പോൾ, ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനസർക്കാരുകളെ അപേക്ഷിച്ച് കൂടുതൽ സൗകര്യങ്ങളുള്ള കൂടുതൽ വൃദ്ധസദനങ്ങൾ സ്ഥാപിക്കാൻ സംസ്ഥാനസർക്കാർ മുന്നോട്ട് വരേണ്ടതാണ്. ഉച്ചഭക്ഷണപരിപാടിയിലൂടെ ആഗോളമാധ്യമശ്രദ്ധ നേടിയ ഡി.വൈ.എഫ്.ഐ. പോലുള്ള സംഘടനകളും ഇക്കാര്യത്തിൽ ഇടപെടുന്നതും ഇക്കാലത്തിന്റെ ആവശ്യമായിരിക്കുന്നു.

കുട്ടികൾ വിദ്യാഭ്യാസപ്രായത്തിൽത്തന്നെ മാതാപിതാക്കളിൽനിന്നകന്ന് വേറെ മാറിത്താമസിക്കുന്നത് പാശ്ചാത്യരാജ്യങ്ങളിൽ പണ്ടുമുതലേ പ്രചാരത്തിലുണ്ട്. കാലക്രമേണ കേരളത്തിലും അത് വ്യാപകമാവുന്നു. പ്രായംചെന്നാലും മാതാപിതാക്കളിൽനിന്ന് വേറെ താമസിക്കുന്നത് ചെറുപ്പത്തിലെ ഈ ▸



മുജീബ് റഹ്മാൻ

"വീട്ടിൽ ആരും നോക്കാനില്ലാതെ വീണും തപ്പിയെണീറ്റും ജീവിക്കുന്ന ഏകാന്തതയാണോ ഭേദം അതോ നമ്മുടെ സംസ്കാരത്തിന്റെ തന്നെ വീഴ്ചയാണ് വൃദ്ധസദനങ്ങളിലെ ജീവിതാന്ത്യമെന്ന് വിലപിക്കുന്നതാണോ? അങ്ങനെ അതിനെ വീഴ്ചയെന്ന് വിളിക്കണമെന്ന് നിർബന്ധമുണ്ടോ? എങ്കിൽ, വീണത് വിദ്യയാക്കുക എന്നാണല്ലോ നമ്മുടെ ചൊല്ല്."

**ഈയാഴ്ചത്തെ ട്വീറ്റ്**

**Collin Rugg**
@CollinRugg
Subscribe

JUST IN: New York City is gearing up to pay over $1,000,000,000 on just hotels over the next 3 years to house illegal immigrants.

Good! That's what happens when you call yourself a "Sanctuary City."




**ഈയാഴ്ചത്തെ ഫോട്ടോ**

ചന്ദ്രേട്ടൻ ഏഴാമത്തെ പ്ലാറ്റ്ഫോമിൽ എത്തിയിട്ടുണ്ട് എന്ന തലക്കെട്ടോടെ ഈ ഫോട്ടോ പോസ്റ്റിയത് ബെൻസി അയ്യമ്പിള്ളി

> **"വൃദ്ധസദനം എന്ന പേരും മറ്റൊരു പ്രശ്നമാണ്. ജെറിയാട്രിക് കെയർ സെന്ററുകൾ എന്നും മറ്റുമാണ് ഇപ്പോൾ അവ അറിയപ്പെടുന്നത്. വാർധക്യം എന്നർഥമുള്ള Geras എന്ന ഗ്രീക്ക് വാക്കിൽ നിന്നാണത്രേ, അതിന്റെ ഉത്പത്തി. നമ്മുടെ ജര. ഇംഗ്ലീഷിലും സംസ്കൃതത്തിലും മലയാളത്തിലും 'മൂന്നു'തന്നെയായ 'ത്രീ'പോലെ മറ്റൊരു വാക്ക്."**

സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ തുടർച്ചയായി വേണം മനസ്സിലാക്കാൻ. താത്പര്യങ്ങളുടെ സംഘർഷങ്ങൾ, തലമുറകളുടെ വിടവ്, നമ്മുടെ സീരിയലുകളിലും സിനിമകളിലും കണ്ടുവരുന്ന അമ്മായിഅമ്മപ്പോര് തുടങ്ങിയവയെല്ലാം ഒഴിവാക്കാവുന്ന അവസ്ഥ കൂടിയാണത്. നഴ്സിങ്ങെന്നപോലെ, കെയർഗിവിങ്ങിലും ആഗോളതലത്തിൽ ത്തന്നെ നമ്മൾ മലയാളികളാണ് മുന്നിൽ നിൽക്കുന്നതെന്നതും ഇക്കാര്യത്തിൽ പരിഗണിക്കേണ്ട കാര്യമാണ്. വിശേഷിച്ചും വാർധക്യകാലപരിചരണത്തിൽ സ്ത്രീകളെപ്പോലെ പുരുഷനഴ്സുമാർക്കും (കെയർഗിവേഴ്സ്) ഏതാണ്ട് തുല്യതൊഴിലവസരങ്ങളാണുള്ളത്. ആഗോളതലത്തിൽ മലയാളികൾക്ക് കെയർഗിവിങ് രംഗത്തുള്ള മേൽക്കോയ്മ, ഈ മേഖലയിൽ മികച്ച പരിശീലനപരിപാടികൾ നടപ്പാക്കാനും കേരളത്തിന് തുണയാകും. ഹോം നഴ്സുമാർ എന്നാണ് കേരളത്തിൽ ഇവരറിയപ്പെട്ടിരുന്നത്. ഇതിന് പകരം കെയർഗിവേഴ്സ് എന്ന പേര് പ്രചാരത്തിലാവുന്നതിന് പിന്നിൽ വൃദ്ധസദനങ്ങൾ വർധിക്കുന്നതും ഒരു കാരണമാണ്. വീട്ടിൽ ഹോമിൽമാത്രമല്ലല്ലോ ഈ നഴ്സിങ് നടക്കുന്നത്. എന്നാൽ, കേരളത്തിൽ ഈ ജോലി ചെയ്യാൻ പുതിയ തലമുറയിലെ എത്ര മലയാളികൾ തയ്യാറാവുമെന്ന ചോദ്യവുമുണ്ട്. കെയർഗിവേഴ്സായിമാത്രമല്ല, കോടികൾ വരുമാനമുണ്ടാക്കുന്ന വൃദ്ധസദന നടത്തിപ്പ് ബിസിനസിലും ഇന്ന് ആഗോളതലത്തിൽത്തന്നെ ഒട്ടേറെ മലയാളികളുണ്ട്.

ഇസ്രയേലാണ് കേരളത്തിൽനിന്നുള്ള വനിതാ കെയർഗിവേഴ്സിനെ വൻതോതിൽ ആശ്രയിക്കുന്ന മറ്റൊരു രാജ്യം (ടെൽഅവീവിൽ ജീവിക്കുന്ന ഏതാനും മലയാളി വനിതാ കെയർഗിവേഴ്സ് ഒരു പാർക്കിൽ ഒരുമിച്ചുകൂടി ഓണമാഘോഷിക്കുന്നതിന്റെ വീഡിയോ ഈയിടെ ഫെയ്സ്ബുക്കിൽ കണ്ടിരുന്നു). അതേസമയം നമ്മുടെ നാട്ടിൽ ഈ ജോലി ചെയ്യാൻ പലർക്കും മടി കാണും. സ്വാഭാവികമായും ഈ രംഗത്തേക്കും ഭായിമാർ കടന്നുവരുമോ, കടന്നുവരേണ്ടി വരുമോ എന്ന ചോദ്യമുയരും. ഹോട്ടൽപ്പണി, നിർമാണത്തൊഴിൽ തുടങ്ങിയ തീർത്തും കടുംനീലക്കോളർ ജോലികൾമാത്രമേ, ഒരിക്കൽ ആസാംപണിക്കാരായിരുന്നെങ്കിലും ഇന്ന് ആസാംപണിക്കാരെ സംശയദൃഷ്ട്യാമാത്രം കാണുന്നവരായ നമ്മൾ അവർക്ക് അനുവദിച്ചുകൊടുത്തിട്ടുള്ളൂ.

വൃദ്ധസദനം എന്ന പേരും മറ്റൊരു പ്രശ്നമാണ്. ജെറിയാട്രിക് കെയർ സെന്ററുകൾ എന്നും മറ്റുമാണ് ഇപ്പോൾ അവ അറിയപ്പെടുന്നത്. വാർധക്യം എന്നർഥമുള്ള Geras എന്ന ഗ്രീക്ക് വാക്കിൽനിന്നാണത്രേ, അതിന്റെ ഉത്പത്തി. നമ്മുടെ ജര. ഇംഗ്ലീഷിലും സംസ്കൃതത്തിലും മലയാളത്തിലും 'മൂന്നു'തന്നെയായ 'ത്രീ'പോലെ മറ്റൊരു വാക്ക്.

വീട്ടിൽ ആരും നോക്കാനില്ലാതെ വീണും തപ്പിയെണീറ്റും ജീവിക്കുന്ന ഏകാന്തതയാണോ ഭേദം അതോ നമ്മുടെ സംസ്കാരത്തിന്റെതന്നെ വീഴ്ചയാണ് വൃദ്ധസദനങ്ങളിലെ ജീവിതാന്ത്യമെന്ന് വിലപിക്കുന്നതാണോ? അങ്ങനെ അതിനെ വീഴ്ചയെന്ന് വിളിക്കണമെന്ന് നിർബന്ധമുണ്ടോ? എങ്കിൽ, വീണത് വിദ്യയാക്കുക എന്നാണല്ലോ നമ്മുടെ ചൊല്ല്. വീണേടം വിഷ്ണുലോകവുമുണ്ട്. വീണേടം വിഷ്ണുലോകവും ക്രിസ്തുലോകവുമെല്ലാം ആയിക്കരുതുകയാണ് ഇനിയുള്ള കാലത്ത് ബുദ്ധിയെന്നാണ് തോന്നുന്നത്. വിദേശത്തേക്ക് പോകുന്ന ന്യൂജനത്തിനും വൃദ്ധസദനങ്ങളിലായിക്കഴിഞ്ഞ വയോജനങ്ങൾക്കുമിടയിലെ ജനങ്ങൾക്കും ഇതിൽ

**പഠിക്കാൻ പാഠമുണ്ട്; വീഴുന്നതിനുമുൻപ് കൂടുതൽ മെച്ചപ്പെട്ട വൃദ്ധജനപരിചരണ കേന്ദ്രങ്ങൾ ലഭ്യമാക്കുന്നതിന് ശ്രമിക്കുക, സർക്കാർ സ്ഥാപനങ്ങളെയും സംഘടനകളെയും അതിന് പ്രേരിപ്പിക്കുക.**

